(4) നെടുങ്കുന്നം പഞ്ചായത്തിലുള്ള ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, വാഴൂർ നിയോജകമണ്ഡലത്തിൽ നെടുങ്കുന്നം പഞ്ചായത്തിലുള്ള ഒരു സർക്കാർ സ്കൂളിന്റെ ഗതികേടിനെപ്പറ്റി ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ ചില കാര്യങ്ങൾ കൊണ്ടുവരാൻ വേണ്ടിയാണ് ഇത് ഞാൻ ഉന്നയിക്കുന്നത്. 125 വർഷം പഴക്കമുള്ള ഒരു സ്കൂളാണിത്. ഇപ്പോൾ 600 കുട്ടികളുണ്ട്. അതിൽ 90 ശതമാനം എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരുമാണ്. ബാക്കിയുള്ളവരെല്ലാം വലിയ പള്ളിക്കൂടത്തിലേയ്ക്ക് മാറി. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്നതുകൊണ്ടാണോ എന്നറിയില്ല, അന്നു മുതൽ ഇന്നുവരെ യാതൊരുവിധ അറ്റകുറ്റപ്പണികളും ഇവിടെ നടന്നിട്ടില്ല. ഇപ്പോൾ നാല് വർഷമായി ഒന്നും തന്നെ നടക്കുന്നില്ല. പള്ളിക്കൂടത്തിന്റെ കോമ്പൗണ്ട് ആൾ ഒഴിഞ്ഞ സ്ഥലംപോലെ കിടക്കുകയാണ്. ആർക്കും എന്തും ചെയ്യാവുന്ന ഇടം. അർദ്ധരാത്രിയിൽ അവിടെ നടക്കുന്ന സംഭവങ്ങളുടെ പൂർണ്ണവിവരം ബഹുമാനപ്പെട്ട മന്ത്രിയോട് പറയാൻ ലജ്ജയുണ്ട്. ആർക്കും എവിടെയും എപ്പോഴും കയറാവുന്ന രീതിയിൽ നാലുവശവും തുറന്നുകിടക്കുകയാണ്. 125 വർഷം പഴക്കമുള്ള സ്കൂളാണ്. 26 വർഷം മുമ്പ് മോട്ടോർ പമ്പ്സെറ്റ് അവിടെ സ്ഥാപിച്ചു. അത് പല പ്രാവശ്യം നന്നാക്കിയിട്ടും ഇപ്പോഴും ഉപയോഗശൂന്യമാണ്. കുട്ടികൾക്ക് വെള്ളം ലഭിക്കുന്നില്ല. അതാണ് ഇവിടത്തെ വെള്ളത്തിന്റെ കാര്യത്തിലുള്ള അവസ്ഥ. വേറൊരു കാര്യം, ചോറ് വയ്ക്കുന്നതും ലബോറട്ടറിയും ലൈബ്രറിയും കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്നതുമെല്ലാം ഒരു മുറിയിലാണ്. ഇതൊക്കെ കൂട്ടായി നടക്കുന്നു. ഇതൊരു വിദ്യാലയമാണെന്നാണ് പറയുന്നത്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമാണ്. ഈ ദുഃസ്ഥിതിക്ക് മാറ്റം വരുത്തണമെന്ന് അധികാരികളോട് പലപ്രാവശ്യം അപേക്ഷിച്ചുവെങ്കിലും ഇതുവരെ ഒന്നും നടന്നില്ല. ബഹുമാന്യനായ അങ്ങെങ്കിലും ഇതിനൊരു നിവൃത്തിയുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം ഈ സ്കൂളിന് ചുറ്റുമതിൽ ഇല്ല. ധാരാളം സ്ഥലമുണ്ട്. അത് തുറന്ന് കിടക്കുകയാണ്. ചന്തയിൽ പോകുന്നവരും വണ്ടിക്കാളയെ കൊണ്ട് പോകുന്നവരും ഇതുവഴിയാണ് പോകുന്നത്. തൊട്ടടുത്ത് പബ്ലിക് റോഡ് ആയതുകൊണ്ട് തുറന്നു കിടക്കുന്ന സ്ഥലത്ത് കൂടി കുട്ടികൾ ഓടി പോകുന്നത് കൊണ്ട് അപകട സാദ്ധ്യതയുണ്ട്. ഇതെല്ലാം ഒഴിവാക്കാൻ ആ സ്കൂളിന് നല്ലൊരു ചുറ്റുമതിലും ആവശ്യമുള്ള കെട്ടിടങ്ങളും ആവശ്യമാണ്. രണ്ട് കെട്ടിടം ഇന്നോ നാളെയോ നിലംപതിക്കുമെന്ന നിലയിലാണ്. ആ നിലയിലുള്ള കെട്ടിടങ്ങളെങ്കിലും ഒന്ന് മാറ്റി പണിയിക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കണം. അവിടെ നല്ല റിസൾട്ടാണ്. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളാണെങ്കിലും കഴിഞ്ഞ പ്രാവശ്യം 70 ശതമാനം റിസൾട്ട് ഉണ്ടാക്കിയ സ്കൂളാണിത്. ആ സ്കൂളിന്റെ ദുഃസ്ഥിതി മാറ്റിക്കൊടുക്കണമെന്ന് മാത്രമേ പറയുന്നുള്ളു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നെടുങ്കുന്നം ഗവൺമെന്റ് ഹൈസ്ക്കൂളിന് സ്ഥിരമായി 6 കെട്ടിടങ്ങൾ ഉണ്ട്. പക്ഷേ, അവയുടെ സ്ഥിതി വളരെ മോശമാണ്. 80 അടി നീളം 20 അടി വീതിയിൽ 3 കെട്ടിടം, 140 അടി നീളം 20 അടി വീതിയിൽ ഒരെണ്ണം, 60 അടി നീളം 20 അടി വീതിയിൽ ഒരെണ്ണം, 50 അടി നീളം 20 അടി വീതിയിൽ ഒരെണ്ണം. അറ്റകുറ്റപ്പണികൾ വളരെ അത്യാവശ്യമായിട്ടുള്ള കെട്ടിടങ്ങളാണിവ. എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ വിദ്യാഭ്യാസവകുപ്പു മന്ത്രി എന്നുള്ള നിലയിലോ പൊതുമരാമത്ത് വകുപ്പുമന്ത്രി എന്ന നിലയിലോ ഒരു നടപടിയും സ്വീകരിക്കുവാൻ നിവൃത്തിയില്ല. കാരണം ജില്ലാ പഞ്ചായത്തിനെ ഏല്പിച്ചിരിക്കുകയാണ്. ഈ ജോലി മുഴുവൻ അതായത് കെട്ടിടങ്ങളുടെ പണി മുഴുവൻ ജില്ലാ പഞ്ചായത്താണ് ചെയ്യേണ്ടത്. ഇപ്പോൾ ഗവൺമെന്റിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽനിന്നും ഒരു വർക്ക് അറേയ്ഞ്ച് ചെയ്താൽ ഒരു പൈസയും കൊടുക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നില്ല, നിയമസഭ പാസ്സാക്കിയ നിയമം അനുവദിക്കുന്നില്ല. അതുകൊണ്ട് ആകെ ചെയ്യാവുന്നത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ അധികൃതരോട് അഭ്യർത്ഥിക്കാം എന്നത് മാത്രമാണ്. ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. 26 കൊല്ലമായിട്ടുള്ള പ്രശ്നങ്ങളാണ്, പുതിയ വിഷയമല്ല. മോട്ടോർ പമ്പ് വളരെക്കാലമായി കേടാണ്. അധികാരം വിട്ടുകൊടുക്കുന്നതിന് മുമ്പേ പമ്പ് കേടായിരുന്നു. അന്ന് നന്നാക്കാൻ പറ്റിയിട്ടില്ല. ആ പമ്പ് മാറ്റുക. അറ്റകുറ്റപ്പണികൾ നടത്തുക. ഈ കാര്യങ്ങളൊക്കെ ചെയ്യണമെന്ന് ജില്ലാ പഞ്ചായത്തിനോട് പ്രത്യേകമായി അഭ്യർത്ഥന നടത്താം. അതല്ലാതെ നിയമമനുസരിച്ച് മറ്റൊന്നും ചെയ്യാൻ നിവൃത്തിയില്ല. അധികാരവികേന്ദ്രീകരണം വഴി വിട്ടുകൊടുത്ത സ്ഥാപനമാണ് സ്കൂൾ കെട്ടിടങ്ങൾ. ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് ഇവിടെ ഒരു കാര്യം പറയുമ്പോൾ അത് ചെയ്ത് കൊടുക്കേണ്ടതാണ്. വളരെ അത്യാവശ്യമുള്ളതാണ്. നിയമപരമായി ചെയ്യാൻ കഴിയാത്തതുകൊണ്ട് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയോട് പ്രത്യേകം പറയുന്നതാണ്. അദ്ദേഹം ജില്ലാ പഞ്ചായത്തിന്റെ ആൾക്കാരെ വിളിച്ച് പറയുന്നതിന് പ്രത്യേകം ഏർപ്പാട് ചെയ്യും. ഞാനും ഇതിനെക്കുറിച്ച് പറയാം.

(5) കടലോരത്ത് വീട് നിർമ്മിക്കുന്നതിന് നിലവിലുള്ള നിയമതടസ്സം

ശ്രീ. പി. വിശ്വൻ : സർ, കടലോരത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ നേരിടുന്ന ഗുരുതരമായ ചില പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരമാലകൾ താണ്ടി പടിഞ്ഞാറോട്ട് പോകുന്ന മത്സ്യത്തൊഴിലാളികൾ കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്നവരാണ്. നിരവധി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇന്ന് തീരദേശസംരക്ഷണ നിയമത്തിന്റെ ഭാഗമായി വീടുണ്ടാക്കാൻ കഴിയാതെ പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്നു. 50 മീറ്ററിനുള്ളിൽ നിലവിലുള്ള വീട് തകർന്നു കഴിഞ്ഞാൽ അതിനുപകരം മറ്റൊരു വീടുണ്ടാക്കാൻ കഴിയുന്നില്ല. ചില തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വീടുണ്ടാക്കാൻ പെർമിഷൻ കൊടുക്കും. പക്ഷേ, വീട് ഉണ്ടാക്കിക്കഴിഞ്ഞാൽ അതിന് നമ്പർ കൊടുക്കാൻ കഴിയുന്നില്ല. ആ സ്ഥിതി വിശേഷത്തിൽ റേഷൻ കാർഡ് ലഭിക്കുന്നില്ല. അതുപോലുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. കൊയിലാണ്ടി മണ്ഡലത്തിൽ മാത്രമല്ല കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ആയിരക്കണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഈ നിയമത്തിന്റെ നൂലാമാലകളിൽപ്പെട്ട് കടലിൽപ്പെട്ട് മരിച്ചാലും തരക്കേടില്ല എന്നുള്ള ചിന്തയിൽ വന്നിരിക്കുകയാണ്. അടിയന്തിരമായും സർക്കാർ ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ച് നിലവിൽ വീടില്ലാത്ത കുടുംബങ്ങൾക്കും ഉള്ള വീട് തകർന്നവർക്ക് പുതിയതായി വീട് ഉണ്ടാക്കാനും പുതിയ വീട് അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ഇത് ഗുരുതരമായ ഒരു വിഷയമായി എടുക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly